# 2
# “യഹോവേ കടാക്ഷിക്കേണമേ!”
## (1:12- 22)

ദൈവഭക്തിയുള്ള ഒരു ക്രിസ്തീയ സ്ത്രീയായിരുന്നു എന്റെ അമ്മ. ശാപ വാക്കുകളോ, ശാപസൂചനയുള്ള സംസാരമോ അവളുടെ വായിൽനിന്നു വന്നതായി ഞാൻ കേട്ടിട്ടില്ല. ഇഷ്ടമല്ലാത്തതു എന്തെങ്കിലും കാണുകയോ കേൾക്കുകയോ ചെയ്യുമ്പോൾ, അവൾ പലപ്പോഴും പറയും, “കർത്താവേ കരുണയുാകേണമേ!”

ദൈവകരുണയിൽ വിശ്വസിച്ചുകൊാണ് ഞാൻ വളർന്നു വന്നത്. സങ്കീർത്തനക്കാരൻ പറഞ്ഞു, “യഹോവ നല്ലവനല്ലോ, അവന്റെ ദയ എന്നേക്കുമുള്ളത്” (സങ്കീർത്തനങ്ങൾ 100:5). പ്രവാചകനായിരുന്ന മീഖാ പറഞ്ഞു,

> അകൃത്യം ക്ഷമിക്കയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോട് അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോട് സമനായ ദൈവം ആരുള്ളു? അവൻ എന്നേക്കും കോപം വെച്ചുകൊള്ളുന്നില്ല; ദയയിലല്ലോ അവന്നു പ്രസാദമുള്ളത്, അവൻ നമ്മോട് വീും കരുണ കാണിക്കും; നമ്മുടെ അകൃത്യങ്ങളെ ചവുട്ടിക്കളയും, അവരുടെ പാപങ്ങൾ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും ... (മീഖാ 7:18, 19)

കരുണ എന്നാൽ പ്രതീക്ഷിക്കാവുന്നതിലുപരിയായ ദയയാണ്. നമ്മുടെ പാപങ്ങൾക്കുള്ള ശരിയായ ശിക്ഷ നമുക്ക് തരാതിരിക്കുന്നത് ദൈവത്തിന്റെ കരുണയാണ്.

എങ്ങനെയായാലും, ചിലപ്പോൾ നമ്മുടെ അകൃത്യം വലുതാകുമ്പോൾ, അവൻ തന്റെ കരുണ നമ്മിൽനിന്നും കുറെ നാളത്തേക്ക് എടുത്തുകളയും. സങ്കീർത്തനക്കാരൻ ചോദിച്ചു,

> കർത്താവ് എന്നേക്കും തള്ളിക്കളയുമോ? അവൻ ഇനി ഒരിക്കലും അനുകൂലമായിരിക്കയില്ലയോ? അവന്റെ ദയ സദാകാലത്തേക്കും പൊയ്പ്പോയോ? അവന്റെ വാഗ്ദാനം തലമുറതലമുറയോളം ഇല്ലാതെയായ്പോയോ? ദൈവം കൃപ കാണിപ്പാൻ മറന്നിരിക്കുന്നുവോ? അവൻ കോപത്തിൽ തന്റെ കരുണ അടെച്ചുകളഞ്ഞിരിക്കുന്നുവോ? (സങ്കീർത്തനങ്ങൾ 77:7-9)

യെഹൂദ്യയുടെ പാപം വലുതായതുകൊ് ദൈവം അവളെ അങ്ങനെ തന്നെ വിട്ടു. അവർ സഹായത്തിനും ആശ്വാസത്തിനുമായി അപേക്ഷിച്ചുവെങ്കിലും, ദൈവം അവരെ കുറിച്ച് കരുതിയില്ല എന്നു തോന്നുന്നു. യെഹൂദ്യയുടെ ഭയാനകമായ അവസ്ഥയെ യിരെമ്യാവ് ചിത്രീകരിച്ച ശേഷം, ദൈവത്തെ കൂടാതെയുള്ള ജീവിതം എങ്ങനെയായിരിക്കും എന്ന് വിവരിക്കുന്നു്. യെരുശലേമിനെ

അവൻ “യെഹൂദ്യയുടെ കന്യകാപുത്രി” ആയി വിശേഷിപ്പിച്ച്, അവൾക്ക് വേി സംസാരിച്ചിരിക്കുന്നു (1:15). അവന്റെ വാക്കുകൾ മുഖാന്തരം അവൾ ദൈവകരുണക്കായി അപേക്ഷിച്ച് അവളുടെ കാര്യം ദൈവത്തിൽ ഏൽപ്പിച്ചു. യെരുശലേമിനോട് കരുണ കാണിപ്പാൻ അപേക്ഷിച്ചതെന്തിന്?

### അവളുടെ ദുഃഖം കാരണം

അത്യഗാധവേദനയാൽ യെഹൂദ്യാകന്യക പുത്രി അവളുടെ ദുഃഖം പ്രകടിപ്പിച്ചു. അവൾക്ക് നേരിട്ട അവജ്ഞ അവൾ സഹിച്ചു, ശ്രദ്ധിക്കുവാനോ കരുതുവാനോ ആരുമില്ലെന്നായപ്പോൾ അത് വർദ്ധിച്ചു. അവൾ ചോദിച്ചു, “കടന്നുപോകുന്നവരായ എല്ലാവരുമേ, ഇതിൽ നിങ്ങൾക്ക് ഒന്നുമില്ലേ?” അവളുടെ ദുഃഖം പോലെ മറ്റൊരു ദുഃഖവുമില്ല. ദൈവം തന്റെ കോപത്തിൽ തന്നോട് ചെയ്തതു നോക്കുവാനായി കടന്നുപോയവരോടെല്ലാം അവൾ പറഞ്ഞു:

> ഉയരത്തിൽനിന്ന് അവൻ എന്റെ അസ്ഥികളിൽ തീ അയച്ചിരിക്കുന്നു; അതു കടന്നുപിടിച്ചിരിക്കുന്നു. എന്റെ കാലിന്ന് അവൻ വല വിരിച്ചു എന്നെ മടക്കിക്കളഞ്ഞു. അവൻ എന്നെ ശൂന്യയും രോഗിണിയും ആക്കിയിരിക്കുന്നു (1:13).

യെഹൂദ്യാകന്യകാപുത്രി പ്രത്യാശയില്ലാതവണ്ണം തോറ്റുപോയി. അവളുടെ അസ്ഥികളിൽ തീ കത്തിക്കൊിരിക്കുന്നു. ദൈവത്തിന്റെ വചനം തന്റെ അസ്ഥികളിൽ തീ കത്തുന്നതായ അലങ്കാരം യിരെമ്യാവും ഉപയോഗിച്ചിട്ടു് (യിരെമ്യാവ് 20:9). അവൻ ആഗ്രഹിച്ചുപോയെങ്കിലും ദൈവേഷ്ടം പറയാതിരിക്കുവാൻ അവനു കഴിഞ്ഞില്ല. തീ ദൈവത്തിന്റെ കോപത്തെയും സൂചിപ്പിക്കുന്നതിന് ഉപയോഗിച്ചിട്ടു് (2 രാജാക്കന്മാർ 1:10-14). തീജ്വാലയും തീയുടെ ഏല്ലാം-ദഹിപ്പിക്കുന്ന സ്വഭാവവും വ്യക്തമാക്കുന്നത് യെരുശലേമിന്റെ വേദനയുടെ ആധിക്യത്തെയാണ്.

അവളുടെ കാൽ പിടിക്കേിന് ദൈവം ഒരു വല വിരിച്ചിരിക്കുന്നതായി അവൾക്ക് തോന്നി. പരാജയം പ്രകടമാക്കുന്ന മറ്റൊരു അലങ്കാരമാണിത്. വന്യമൃഗങ്ങളെ ചിലപ്പോൾ ഇതുപോലെ വലവെച്ച് കണിയിൽ പിടിക്കും. മൃഗം കാണാത്തവിധത്തിൽ കുഴി കുഴിച്ച് അതിന്റെ മുകളിൽ വല വിരിച്ച് മണ്ണും ഇലകളുമെല്ലാം ഇട്ടിരിക്കും. മൃഗം അതിൽ കാലെടുത്തുവെക്കുമ്പോൾ വല മുറുകുകയും മൃഗം വലക്കകത്താകുകയും ചെയ്യും.

നഗരത്തിന്റെ പ്രത്യാശയില്ലാതായ അവസ്ഥയെ സൂചിപ്പിക്കുന്ന പ്രയോഗങ്ങളാണ്, “എന്നോടു പുറംതിരിഞ്ഞു,” “എന്നെ ശൂന്യമാക്കി,” “ദിവസം മുഴുവൻ മോഹാൽസ്യപ്പെട്ടു” എന്നിവ. അവൾക്ക് ഏക ആശ്രയമായ ദൈവം ആണ് അവൾക്ക് ചുമപ്പാൻ നുകം വെച്ചിരിക്കുന്നത് (1:14). അവൻ തന്നെയാണ് അത് അവളുടെ കഴുത്തിൽ വെച്ചത്. ഘനമുള്ള ചുമട് വലിക്കുവാൻ ഉപയോഗിക്കുന്ന ഒന്നാണ് നുകം. യെഹൂദ്യകന്യകാപുത്രി ചുമന്ന ഭാരം നിമിത്തം അവളുടെ ശക്തി കുറഞ്ഞുപോയി. അവൾക്ക് താങ്ങുവാൻ കഴിയുന്നതിനപ്പുറമായ ഭാരമായിരുന്നു അത്. അവളുടെ ശക്തി കുറഞ്ഞുപോയതുകൊ്, അവളുടെ എതിരാളികളോട് പോരാടുവാൻ അവൾക്ക് കഴിഞ്ഞില്ല.

അവളുടെ സുരക്ഷാ സംവിധാനവും, അവളുടെ സൈന്യവും - വീരന്മാരും യുവാക്കളായ - പുരുഷന്മാരും, ചക്കിൽ മുന്തിരിയിട്ട് അരക്കുന്നതുപേ

ാലെ, ചവുട്ടിയരക്കപ്പെട്ടു (1:15). യെരുശലേം വീഥികളിലൂടെ രക്തപ്പുഴ ഒഴുക്കിയ ചിത്രമാണ് അതു നൽകുന്നത്.

ആ സംഭവങ്ങളെല്ലാം അവളെ കരയുമാറാക്കി. കണ്ണുനീർകൊ് അവളുടെ കണ്ണുകൾ നിറഞ്ഞു. അവളുടെ ശത്രു അവളെ ജയിക്കുകകൊും അവളെ ആശ്വസിപ്പിക്കേവൻ (ദൈവം) അവളിൽനിന്നു ദൂരസ്ഥനായിതീർന്നു. അവിവാഹിതരായ സ്ത്രീകൾ കരയുന്നതിന് പ്രത്യേകതയു്. യെഹൂദ്യയുടെ ദുഃഖം വിവരിക്കുവാനായി യിരെമ്യാവ് ഉപയോഗിച്ചത് അതാണ്. കരയുന്ന ഒരവിവാഹിത മനസലിവിനായി എഴുന്നേറ്റില്ലെങ്കിൽ മറ്റൊന്നുമെഴുന്നേല്ക്കുകയില്ല. യിരെമ്യാവ് പറഞ്ഞു, “യെഹൂദ്യയുടെ അഗാധ ദുഃഖത്തിൽ കരുണ കാണിക്കേണമേ!”

### അവളുടെ പ്രാർത്ഥനകൾ കാരണം

ദൈവം യെരുശലേമിനോട് കരുണ കാണിക്കേിനുള്ള മറ്റൊരു കാരണം അവളുടെ പ്രാർത്ഥനകളായിരുന്നു. “സീയോൻ കൈ ഉയർത്തുന്നു” (1:17). യെരുശലേമിനെയും വിശുദ്ധനഗരത്തിനു ചുറ്റുമുള്ള പ്രദേശങ്ങളെയും വിളിച്ചിരുന്ന മറ്റൊരു പേരാണ് “സീയോൻ.” സാധാരണ പ്രാർത്ഥനയുടെ വേദന സൂചിപ്പിക്കുന്ന ചിത്രമാണ് ദൈവത്തിലേക്ക് കൈകൾ ഉയർത്തിക്കൊുള്ള ഒന്ന്. ഉദാഹരണത്തിന്, യെഹൂദ്യ കനാന്യരുമായി മിശ്രവിവാഹം നടത്തുന്നു എന്ന് എസ്രാ കേട്ടപ്പോൾ, അവൻ വൈകുന്നേരത്തെ യാഗം വരെ അമ്പരന്ന് ഇരുന്നു, പിന്നെ അവൻ മുട്ടിന്മേൽനിന്ന് ദൈവത്തിങ്കലേക്ക് കൈകളുയർത്തി (എസ്രാ 9:15).

ഗൗരവമുള്ള പ്രാർത്ഥനക്കായി സീയോൻ ദൈവത്തിലേക്ക് കൈകളുയർത്തിയെങ്കിലും, അവളെ ആശ്വസിപ്പിപ്പാൻ ആർക്കും കഴിഞ്ഞില്ല. ചുറ്റുമുള്ള ദേശക്കാർ അവളുടെ പ്രതിയോഗികളാകട്ടെ എന്ന് ദൈവം തീരുമാനിച്ചു. അവർക്കിടയിൽ യെരുശലേം നിന്ദിച്ച് ഒഴിവാക്കേ നിലയിൽ അശുദ്ധരായി തീർന്നിരുന്നു.

കൈകൾ ഉയർത്തിക്കൊ് - ദൈവത്തിനായി അന്വേഷിച്ചുകൊ് - ഫലത്തിൽ, യെരുശലേം പറഞ്ഞു, “കരുണാസമ്പന്നനായ കർത്താവേ, യെഹൂദ്യാകന്യകപുത്രിയുടെ മുട്ടിപ്പായ പ്രാർത്ഥന കേൾക്കേണമേ.” ദൈവം അവളിൽ നടത്തിയ വിധി നീതിയുള്ളതാണെന്ന് അവൾ സമ്മതിക്കുന്നു (1:18). അവളുടെ മൽസരവും അവൾ സമ്മതിക്കയുായി (1:18). യെരുശലേമിൽ സംഭവിച്ച അത്യാപത്തിന് അവൾ ആദ്യം ദൈവത്തെ കുറ്റപ്പെടുത്തുന്നതായി തോന്നി: “... യഹോവ വരുത്തിയ വ്യസനം ...” (1:12); “... എന്റെ കാലിന്ന് അവൻ വല വിരിച്ചു; ... അവൻ എന്നെ ശൂന്യമാക്കി, ...” (1:13); “എന്റെ അതിക്രമങ്ങളുടെ നുകം ... അവ സ്വന്ത കയ്യാൽ പിണെച്ചിരിക്കുന്നു; അവ എന്റെ കഴുത്തിൽ വന്നിരിക്കുന്നു” (1:14); “... യഹോവ ചക്കിലിട്ട് ചവുട്ടി കളയുന്നു, ...” (1:15).

തീർച്ചയായും, യെഹൂദ്യയിൽ ആ കുഴപ്പങ്ങളൊക്കെ വരുത്തിയത് ദൈവമായിരുന്നു, പക്ഷെ അവരുടെ പാപത്തിനുള്ള വിധിയായിരുന്നു. അവന്റെ വിധി ശരിയായതും നീതിയുള്ളതുമായിരുന്നു. വാസ്തവത്തിൽ അവൾ തന്റെ പ്രവൃത്തിയുടെ അനന്തരഫലമാണ് അവളിൽ വരുത്തിയത്. ദൈവകല്പനകളോട് അവൾ മൽസരിച്ചതായി അവൾക്ക് അറിയാമായിരുന്നു. സംഭവിച്ചതെല്ലാം അവൾ അനുഭവിക്കേതു തന്നെയായിരുന്നു എന്ന് അവൾക്കറിയാമായിരുന്നു.

അവളുടെ യുവാക്കളെ പ്രവാസികളായി പിടിച്ചുകൊുപോകുന്ന അവളുടെ

ദുഃഖം കാണുവാൻ അവൾ എല്ലാവരേയും വീും വിളിക്കുകയാണ്. അവളുടെ മുമ്പിലത്തെ പ്രിയന്മാരാരും സഹായിച്ചില്ല. അവളുടെ പുരോഹിതന്മാരും മൂപ്പന്മാരും, മതാദ്ധ്യക്ഷന്മാരും, യിരെമ്യാവിനെ ശ്രദ്ധിക്കാതെ പട്ടിണിയാൽ മരിച്ചുപോയി. അവളിലേക്ക് തിരിയുവാൻ ഇനി ആരുമില്ല (1:19).

അങ്ങനെ അവളുടെ നിരാശ കാണുവാൻ അവൾ ദൈവത്തെ വിളിച്ചു (1:20). തന്റെ പാപം തിരിച്ചറിഞ്ഞ അവളുടെ ഹൃദയത്തിന് മാറ്റമുായി. അവളുടെ ആത്മാവ് കലങ്ങി മറിഞ്ഞു. പുറത്ത് ശത്രുക്കളുടെ വാൾ മരണം വിതെച്ചുകൊിരിക്കുന്നു. ഉള്ളിൽ അല്പം ആശ്വാസം ഉായിക്കാണും, കാരണം ഉപരോധത്താൽ രോഗവും, പട്ടിണിയും മരണം കൊുവന്നേക്കാം. ആർ കെ. ഹാരിസൺ സൂചിപ്പിച്ചതുപോലെ, എബ്രായ വാക്കായ "മരണം" എന്നതിന് യിരെമ്യാവ് 15:2; 18:21 ലേതുപോലെ,[1] "പ്ലേഗ് അല്ലെങ്കിൽ ബാധ" എന്നും അർത്ഥമു്. യെഹൂദ്യപുത്രി നോക്കിയപ്പോൾ അവൾക്ക് ഒരിടത്തും സുരക്ഷയില്ല. മരണം വീടുകളിലും വീഥികളിലുമു്.

### ദൈവത്തിന്റെ വാഗ്ദാനം കാരണം

മറ്റൊരു കാരണം കൊുകൂടെ യെരുശലേമിനോട് ദൈവം കരുണ കാണിക്കേണ്ടതാണെന്ന് അവൾ വിശ്വസിച്ചിരുന്നു. യെഹൂദ്യയെ അവളേക്കാൾ മോശമായ മറ്റൊരു ദേശത്താൽ ശിക്ഷിക്കുന്ന ദൈവത്തിന്റെ നീതിയെ ആദ്യം യിരെമ്യാവ് ചോദ്യം ചെയ്യുന്നു് (യിരെമ്യാവ് 12:1-4). മാനസാന്തരപ്പെട്ടില്ലെങ്കിൽ ആ ദേശത്തെയും കൈകാര്യം ചെയ്യുമെന്ന് ദൈവം വാഗ്ദാനം ചെയ്തിരുന്നു (യിരെമ്യാവ് 12:14-17)

ദൈവത്തിന്റെ പ്രതികാരം നിറവേറുവാനായി കാത്തിരിക്കയായിരുന്നു, യെഹൂദയും, യെരുശലേമും, യിരെമ്യാവും. ദൈവം തന്റെ സമയക്രമമനുസരിച്ചായിരിക്കും ഏതൊരു സാഹചര്യത്തേയും കൈകാര്യം ചെയ്യുന്നത്.

---

### സന്ദേശം എന്താണ്?

തെറ്റിന്റെ കൈപ്പേറിയ അനന്തര ഫലമായ കഷ്ടതയോ അല്ലെങ്കിൽ പാപത്തിന്റെ ഭാരമോ നിങ്ങൾക്ക് അനുഭവപ്പെടുന്നുവോ? നിങ്ങളുടെ ദുഃഖം പ്രത്യാശയില്ലാത്തതല്ല.

(1) *ക്രിസ്തുവിൽ, ദുഃഖത്തിന് ആശ്വാസം കത്തുവാൻ കഴിയും.* യേശു പറഞ്ഞു, "ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്ക് ആശ്വാസം ലഭിക്കും" (മത്തായി 5:4). ഈ സന്ദർഭത്തിൽ യേശു പറഞ്ഞത് പാപത്തെ കുറിച്ചുള്ള ദുഃഖമാണ്, അല്ലാതെ നമുക്കുാകുന്ന അനർത്ഥം നിമിത്തമുള്ള ദുഃഖമല്ല. എങ്ങനെയായാലും, പാപം നിമിത്തമുള്ള അനർത്ഥമായാലും അതുകൊുദുഃഖമുായാലും, പാപം കൊ് ദുഃഖിക്കുന്നതായാലും, ഏതെങ്കിലും ഒന്നിനോ അല്ലെങ്കിൽ രിനും ക്രിസ്തുവിൽ ആശ്വാസമു്.

പാപംകൊുാകുന്നതായാലും അല്ലെങ്കിലും അത്യാപത്തിൽ ദൈവം ആശ്വാസം നൽകും. ഇയ്യോബിന്റെ സംഭവത്തിലേതുപോലെ, ശക്തരെപ്പോലെ, കൊടുങ്കാറ്റിൽനിന്നു ദൈവം നമ്മെ വിടുവിച്ച്, വേദനയുടേയും ദുഃഖത്തിന്റേയും അർത്ഥം നമുക്ക് മനസിലാക്കിത്തരും. കുഴപ്പങ്ങൾ നമ്മുടെ ശക്തി ക്ഷയിപ്പിച്ച് നിസഹായരും പ്രത്യാശയില്ലാത്തവരുമാക്കുമ്പോൾ, ദൈവത്തിൽന

ിന്നു ആർജ്ജിച്ചെടുക്കുന്ന ശക്തി നമുക്ക് മുൻപുായിരുന്നതിനേക്കാൾ വലുതാണ്. അതുകൊാണ് പൗലൊസിന് ഇങ്ങനെ പറയുവാൻ കഴിഞ്ഞത്, “ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ശക്തനാകുന്നു” (2 കൊരിന്ത്യർ 12:10). അവൻ തന്റെ ബലഹീനതയുടെ പാരമ്യത്തിലായപ്പോൾ, ദൈവത്തിന്റെ വലിയ ശക്തി അവനെ നിലനിർത്തി.

പാപത്തെ കുറിച്ചുള്ള ദുഃഖത്തിൽ യേശു ആശ്വാസം വാഗ്ദാനം ചെയ്തിട്ടു്. പൗലൊസ് പറഞ്ഞു, “ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷെക്കായി ഉളവാക്കുന്നു.ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു” (2 കൊരിന്ത്യർ 7:10). പാപാവസ്ഥയെ ഓർത്തു നാം ദുഃഖിക്കുമ്പോൾ, അതു മാനസാന്തരത്തിലേക്ക് നയിക്കുന്നു. മാനസാന്തരത്തിന്റെ ഫലമായി പാപമോചനവും ഉാകുന്നു. പാപഭാരമുള്ള ഒരാൾക്ക് പാപമോചനമല്ലാതെ മറ്റൊന്നും ആശ്വാസം നൽകുന്നില്ല.

ഞാൻ വളർന്നു വന്നപ്പോൾ, ഓരോ കുട്ടിയും ഉാക്കുവാൻ കൊതിച്ചിരുന്ന ഒന്നായിരുന്നു പിൻ ഷൂട്ടർ. അത് തുണി-യിടുന്ന പിന്നുകൾ കൊാണ് ഉാക്കിയിരുന്നത്. അമ്മ ഉപയോഗിച്ചിരുന്ന നിരവധി പിന്നുകൾ ഞാൻ നഷ്ടപ്പെടുത്തിയതുകൊ്, ഇനി ഒരു പിന്നുപോലും പിൻ ഷൂട്ടറുാക്കുവാൻ എടുക്കരുതെന്ന് അമ്മ വിലക്കിയിരുന്നു. ഒരു ഞായറാഴ്ച്ച് ഞാനും അമ്മയും കൂടെ അമ്മായിയുടെ വീട്ടിൽ പോയപ്പോൾ, അവിടെ എനിക്ക് കയ്യെത്താവുന്ന ഉയരത്തിൽ പിൻ കിടന്നത് ഞാൻ എടുത്ത് പോക്കറ്റിലിട്ടു. വീട്ടിലെത്തിയ അമ്മ പിറ്റേ ദിവസം തുണികളെല്ലാം കഴുകുവാനെടുത്തപ്പോൾ, എന്റെ ഷർട്ടും എടുത്ത് പോക്കറ്റിൽ എന്തെങ്കിലും ഉോ എന്ന് നോക്കി പിൻ കു.

അമ്മ എന്റെ കിടക്കക്കരികിൽ വന്ന് ഇത് എവിടെനിന്നു കിട്ടി എന്നു ചോദിച്ചു. എനിക്ക് കിട്ടി എന്നു മാത്രം പറഞ്ഞു. വീും ആവർത്തിച്ച് ചോദിച്ചപ്പോൾ, അത് വാസ്തവത്തിൽ അമ്മായി മായുടെ വീട്ടിൽ നിന്നു “കിട്ടിയതാണ്” എന്നു പറഞ്ഞു. അതു മോഷ്ടിച്ചതിന് അമ്മ എന്നെ കുറ്റപ്പെടുത്തി.

ഞാൻ പ്രതീക്ഷിച്ചതുപോലെ അമ്മ എന്നെ അടിച്ചില്ല. അമ്മ പറഞ്ഞു, “അടുത്ത ആഴ്ച്ച നാം അമ്മായിയുടെ വീട്ടിൽ പോകുമ്പോൾ, ആ പിൻ അമ്മായിക്ക് തിരിച്ച് ഏല്പിച്ചിട്ട് മോഷ്ടിച്ചതിന് ക്ഷമയാചിക്കയും വേണം” എന്നു പറഞ്ഞു. അത് അടിയുടെ വേദനയേക്കാൾ വലുതായിരുന്നു. ഞാൻ വിലപിച്ചു (കരഞ്ഞു) ആ രാത്രിയിൽ എനിക്ക് നന്നായി ഉറങ്ങുവാൻ കഴിഞ്ഞില്ല. പിറ്റേ ദിവസം രാവിലെ എഴുന്നേറ്റു, ആ തെറ്റിന്റെ ഭാരം ഉള്ളിൽ ചുമന്നു നടന്നു. ഒരാഴ്ച്ചയോളം അതു കൊുനടന്നു. അമ്മായിയോട് ക്ഷമ പറയേതെങ്ങനെ എന്ന് വീും വീും ഉള്ളിൽ പറഞ്ഞുകൊിരുന്നു.

അടുത്ത ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് ഞങ്ങൾ അമ്മായിയുടെ വീട്ടിൽ പോകുവാൻ ആരംഭിച്ചപ്പോൾ, പോകുവാൻ എനിക്ക് മനസില്ലായിരുന്നു. ഞാൻ അമ്മയുടെ പുറകിൽ മാറി നിന്നു. അവിടെ ചെന്ന് അമ്മായിയോട് എന്തെങ്കിലും പറയുന്നതിനു മുൻപ് ഞാൻ കരഞ്ഞുപോകും എന്നു വിചാരിച്ചു.

അവസാനം, അവിടെ ചെന്നപ്പോൾ, “അമ്മ അമ്മായിയോട് പറഞ്ഞു, ജെ. എല്ലിനു അമ്മായിയോട് എന്തോ പറയുവാനു്” അമ്മായി ചിരിച്ചുകൊ് എന്നോട് ചോദിച്ചു, “എന്താണ് ജെ. എല്ലേ പറയുവാനുള്ളത്?” അവർ നല്ലത് എന്തോ കേൾക്കുവാനാണ് പ്രതീക്ഷിക്കുന്നതെന്ന് എനിക്ക് അറിയാം, പക്ഷെ എനിക്ക് പറയുവാനുള്ളത് എന്നെ ലജ്ജിപ്പിക്കുന്ന പിൻ എടുത്ത കാര്യമാണ്. അവൾക്കത് നഷ്ടപ്പെട്ടത്, വാസ്തവത്തിൽ ആവശ്യമുള്ളതാണോ എന്ന്

ഞാൻ സംശയിച്ചു. ഞാൻ കരയുവാൻ തുടങ്ങിയപ്പോൾ, അമ്മായി എന്നെ കൈകളിലെടുത്തുകൊ്, "ഇനി, മോശമായതെന്തെങ്കിലുമാണെങ്കിലും പറയുവാൻ മടിക്കുന്നതെന്തിനാ?"

എന്റെ പോക്കറ്റിൽനിന്ന് ഞാൻ പതുക്കെ ആ പിന്നെടുത്ത്, അമ്മായിയുടെ കയ്യിൽ കൊടുത്തു. അപ്പോഴും എനിക്ക് സംസാരിക്കുവാൻ കഴിഞ്ഞില്ല. പക്ഷെ ആ പ്രശ്നം തീർക്കണമല്ലോ എന്നു വിചാരിച്ച്, അവസാനം ഞാൻ പറഞ്ഞു, "ക്ഷമിക്കണം, ഞാൻ അമ്മായിയുടെ പിന്നെടുത്തു."

അമ്മായി എനിക്ക് വലിയ ഒരുമ്മ തന്നുകൊ് പറഞ്ഞു, "ഓ, അത്രയല്ലേ ഉള്ളു. എനിക്ക് അവ ഇഷ്ടം പോലെയു്, എന്നോട് ചോദിച്ചിരുന്നുവെങ്കിൽ ഞാൻ തരുമായിരുന്നുവല്ലൊ, അതെടുത്തോളു."

ഓ! എന്തൊരു ആശ്വാസം. ഒരാഴ്ച്ച മുഴുവൻ ചുമന്നുകൊു നടന്ന ഭാരം ഒരു ചെറിയ പ്രസ്താവനകൊ് തീർന്നു. പെട്ടെന്ന് എനിക്ക് വീും സന്തോഷമായി. അതാണ് പാപം ഏറ്റുപറയുമ്പോഴും പാപമോചനം ലഭിക്കുമ്പോഴും ലഭിക്കുന്ന ആശ്വാസം. ദൈവഹിതപ്രകാരമുള്ള ദുഃഖം നല്ല മനോഭാവത്തിലേക്ക് മാറുമ്പോൾ, ചിരിയോടുകൂടിയ പാപമോചനവും, പ്രത്യാശയും, സന്തോഷവും ലഭിക്കും.

(2) *പാപഭാര ദുഃഖവും കുറ്റബോധവും നീക്കി കളയുവാനുള്ള സമയം ഇപ്പോളാകുന്നു.* ദൈവം അവസാന അഭയകേന്ദ്രമെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ, അവൻ ആദ്യത്തെ നല്ല അഭയകേന്ദ്രമാകുന്നു. നാം ചിലപ്പോൾ യെഹൂദ്യയിലുായിരുന്ന ആളുകളെ പോലെയാണ്, നമ്മുടെ പ്രശ്നങ്ങൾ നാം സ്വയമായി പരിഹരിക്കുവാൻ നോക്കും, അവസാനം എല്ലാ പ്രതീക്ഷയും അവസാനിക്കുമ്പോൾ ദൈവത്തെ വിളിച്ചപേക്ഷിക്കും. നാം ദൈവത്തെ ഒരു ഡോക്ടറെപോലെ ഉപയോഗിക്കും. ആരും ഡോക്ടറുടെ അടുക്കൽ പോകുവാൻ ആഗ്രഹിക്കുന്നില്ല. അത് കഴിയുന്നതും നാം നീട്ടിവെക്കും. ആദ്യം നാം നമുക്ക് അറിയാവുന്ന പൊടിക്കൈകളെല്ലാം നോക്കും. അതു തനിയെ ഭേദപ്പെടുമെന്ന് കരുതി അതിനെ മൂടിവെക്കും. അവസാനം, ഇനി വേറൊന്നും ചെയ്യുവാനില്ലെന്ന് വരുമ്പോൾ, നാം ഡോക്ടറുടെ അടുക്കൽ പോകും.

നാശം സംഭവിച്ചതിനുശേഷം - ഇനി യാതൊരു പ്രത്യാശയുമില്ലാതെ ആയപ്പോൾ - മാത്രമാണ് യെരുശലേം ദൈവത്തിലേക്ക് തിരിഞ്ഞ് സഹായത്തിനായി അപേക്ഷിച്ചത്. ആളുകൾ ആദ്യം അവരുടെ സ്നേഹിതരിലേക്കും സഖ്യകക്ഷികളിലേക്കുമാണ് തിരിഞ്ഞത് - മിസ്രയിമ്യരും ഏദോമ്യരും, അവരെപോലെ ബാബേലിനെ ഭയപ്പെടുന്നവരും. തെറ്റായ സന്ദേശം നൽകിയ കള്ളപ്രവാചകന്മാരുടേയും ദുരുപദേഷ്ടാക്കന്മാരുടേയും അടുക്കൽ അവർ പോയി. അവർ അന്യദേവന്മാരുടെ രൂപങ്ങളുാക്കി. അവയെല്ലാം പരാജയപ്പെട്ടപ്പോഴായിരുന്നു അവർ ദൈവത്തിലേക്ക് തിരിഞ്ഞത്.

എന്തുകൊാണ് നാം അങ്ങനെ ചെയ്യുന്നത്? നമ്മുടെ വിചാരങ്ങൾ കരുതാതിരിക്കത്തക്കവണ്ണം ദൈവം അത്രത്തോളം വലിയവനാണെന്ന് വിചാരിക്കുന്നതുകൊാണോ? ചെറിയ കാര്യങ്ങളെല്ലാം നമ്മൾ കൈകാര്യം ചെയ്തിട്ട് വലിയ കാര്യങ്ങൾ മാത്രം ദൈവത്തിന് ഏല്പിച്ചാൽ മതി എന്നു വിചാരിക്കുന്നതുകൊാണോ? അതിനുള്ള നമ്മുടെ കാരണങ്ങൾ എന്തുതന്നെയായാലും, അത് നമ്മുടെ വിശ്വാസക്കുറവാണ് കാണിക്കുന്നത്. ദൈവത്തെ നമുക്ക് ശരിയായി അറിയില്ല എന്നതാണ് വിശ്വാസക്കുറവ് സൂചിപ്പിക്കുന്നത്. നാം അവനെ അറിയുന്നു എങ്കിൽ, അവന് കൈകാര്യം ചെയ്യുവാൻ പറ്റാത്ത വലിയ കാര്യങ്ങ

ളോ, അവന്റെ ശ്രദ്ധയിൽപെടാത്ത ചെറിയ കാര്യങ്ങളോ ഇല്ലെന്നു കാണാം.
ദൈവം പറയുന്നത് കേൾക്കുക:

> ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും, അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കയത്രേ വേത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലിപ്പിയർ 4:6, 7).

> ഇടവിടാതെ പ്രാർത്ഥിപ്പിൻ (1 തെസലൊനിക്യർ 5:17)

> അതുകൊ് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈകീഴ് താണിരിപ്പിൻ. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകലചിന്താകുലങ്ങളും അവന്റെമേൽ ഇട്ടുകൊൾവിൻ (1 പത്രൊസ് 5:6, 7).

> "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും; ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊ് എന്നോട് പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കത്തെും. എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു" (മത്തായി 11:28-30).

നിങ്ങൾ അത് കേട്ടോ? എല്ലാറ്റിനു വേിയും പ്രാർത്ഥിക്കുക! എല്ലായ്പ്പോഴും പ്രാർത്ഥിക്കുക! നിങ്ങളുടെ ജീവിതത്തിലെ എല്ലാ വശവും ദൈവത്തിലേക്ക് കൊുവരിക. അവനെ കൂടാതെ വീട് വിട്ട് ഇറങ്ങരുത്. നിങ്ങൾ പോകുന്നേടത്തെല്ലാം അവനെ കൊുപോകുക. അവൻ നിങ്ങളെ കുറിച്ച് കരുതും! ജീവിതത്തിലെ ചെറിയ കാര്യങ്ങൾ ദൈവത്തോട് പറയുവാൻ നാം മടിച്ചാൽ, ജീവിതത്തിലെ വലിയ കാര്യങ്ങൾ പറയുവാൻ നാം മടിക്കും. ലോകത്തിന്റെ ഭാരത്തേക്കാൾ യേശു തരുന്ന ഭാരം ചുമക്കുവാൻ എളുപ്പമാണ്, കാരണം അതു ചുമക്കുവാൻ അവൻ നമ്മെ സഹായിക്കും.

(3) *നിങ്ങളുടെ പാപഭാരം ചുമക്കുവാൻ യേശു ആഗ്രഹിക്കുന്നു.* പാപഭാരം വഹിക്കണം. അതു ജീവിതത്തിന്റെ നിയമമാണ്. നമ്മുടെ തെറ്റുകുറ്റങ്ങൾ ദൈവം കാണാതിരിക്കുകയില്ല. നാം തെറ്റു ചെയ്യുമ്പോൾ അതു കാണാതിരിക്കേതിന്ന് അവൻ തല തിരിച്ചുകളയുകയില്ല.

> ദൈവത്തെ പരിഹസിച്ചുകൂടാ, മനുഷ്യൻ വിതെക്കുന്നതുതന്നെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും. ആത്മാവിൽ വിതെക്കുന്നവൻ നിത്യജീവനെ കൊയ്യും (ഗലാത്യർ 6:7, 8).

ജീവിതനിയമങ്ങളിൽ ദൈവജനത്തിന് ഒഴികഴിവുന്ന് അവർ തെറ്റിദ്ധരിച്ചു. അവർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു, ദൈവത്തിന്റെ തോട്ടത്തിലെ മുന്തിരിവള്ളിയായിരുന്നു. അവരുടെ അഴിമതികൾ ദൈവം

കില്ലെന്ന് നടിക്കുമെന്നാണോ അവർ വിചാരിച്ചത്? നമുക്ക് ഇഷ്ടമുള്ളത് ചെയ്തിട്ട് അതിന്റെ അനന്തരഫലത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ കഴിയുമെന്ന് നാം ചിന്തിച്ചിട്ടുണ്ടോ? വളരെക്കാലം മുൻപ് മോശെ യിസ്രായേൽജനത്തെ മുന്നറിയിച്ചിരുന്നു, "... നിങ്ങളുടെ പാപഫലം നിങ്ങൾ അനുഭവിക്കും" (സംഖ്യാപുസ്തകം 32:23).

നമ്മുടെ അനുസരണക്കേടിന്റെ തീവ്രത അനുസരിച്ചിരിക്കും അനന്തരഫലങ്ങളുടെ തീവ്രത. യെഹൂദ്യ വളരെ കാലം മുൻപ് അനുസരണക്കേടിലായിരുന്നു, അവിടത്തെ ആളുകൾക്ക് പല പ്രാവശ്യം മുന്നറിയിപ്പ് ലഭിച്ചിരുന്നു. മാനസാന്തരപ്പെട്ട് ദൈവത്തിലേക്ക് തിരിയുവാൻ അവരോട് ആവശ്യപ്പെട്ടപ്പോൾ, അവർ ആരാധിക്കുവാൻ കൂടുതൽ ദേവന്മാരുടെ വിഗ്രഹങ്ങൾ ഉാക്കി അനന്തരഫലങ്ങളിൽനിന്നു രക്ഷപ്പെടാമെന്ന് അവർ വിചാരിച്ചു. കൂടുതൽ പാപങ്ങളിലേക്ക് മാറുന്നതുകൊ് കഴിഞ്ഞ പാപങ്ങളുടെ ശിക്ഷ ഒഴിവാക്കുന്നില്ല. യെഹൂദ്യയിലെ ആളുകളുടെ പാപങ്ങൾ അസംഖ്യമായി ഉയർന്നതുകൊ്, ശിക്ഷയുടെ കാഠിന്യവും അവർക്ക് താങ്ങുവാൻ കഴിയുന്നതിനപ്പുറമായിരുന്നു.

ദൈവത്തിനു ക്ഷമിക്കുവാൻ കഴിയാത്തത്ര പാപം ചെയ്തു എന്നു പറഞ്ഞ ഒരാളോട് ഒരിക്കൽ ഞാൻ ക്രിസ്തുവിനെ കുറിച്ച് പറയുകയുായി. അയാൾക്ക് ദൈവത്തെ അറിയുകയില്ല. അയാൾക്ക് വഹിപ്പാൻ കഴിയുന്നതിനപ്പുറമായ പാപം അയാൾ ചെയ്തിരിക്കാം, എന്നാൽ അവയൊന്നും ദൈവത്തിനു ക്ഷമിക്കാതിരിപ്പാൻ കഴിയാത്തവയല്ല. ഒരാളുടെ പാപത്തിന്റേയും അനുസരണക്കേടിന്റേയും തീവ്രതയോട് ഒക്കുന്നതാണ് യേശു ക്രൂശിൽ മരിച്ചപ്പോഴുായ വേദനയുടേയും ദുഃഖത്തിന്റേയും തീവ്രത. ദൈവം അവ കില്ലെന്ന് നടിക്കുകയില്ല, പക്ഷെ അസംഖ്യമായ നമ്മുടെ പാപക്കടത്തിന്റെ വില കൊടുത്തുതീർപ്പാൻ നമുക്ക് കഴിയുകയില്ല എന്ന് അവന് അറിയാം.

മനുഷ്യരുടെ ഭാഗത്തുനിന്നുായ ഭയങ്കര പാപങ്ങൾക്ക് വില കൊടുക്കുവാൻ വേിയായിരുന്നു യേശുവിന് ക്രൂശിൽ ദാരുണമായി മരിക്കേിവന്നത്. നമുക്ക് വഹിപ്പാൻ കഴിയാതെ വന്ന ആ ഭാരം അവൻ ചുമന്നു, യേശു ജനിക്കുന്നതിന് വളരെ മുൻപു തന്നെ യെശയ്യാവ് അതു മുന്നറിയിച്ചിരുന്നു:

> സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു, നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ ദൈവം അവനെ ശിക്ഷിച്ചും, അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളെ പോലെ തെറ്റിപ്പോയിരുന്നു. നാം ഓരോരുത്തരും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടേയും അകൃത്യം അവന്റെമേൽ ചുമത്തി (യെശയ്യാവ് 53:4-6).

ക്രൂശിൽ, യേശു നിങ്ങളുടേയും എന്റേയും പാപങ്ങൾ കൈകാര്യം ചെയ്യുകയായിരുന്നു. നമ്മുടെ വേദനകളും ദുഃഖങ്ങളും അവൻ ചുമന്നു. റോമർ 5:20-ൽ പൗലൊസ് പറഞ്ഞു, "എങ്കിലും പാപം പെരുകിയേടത്ത് കൃപ അത്യന്തം വർദ്ധിച്ചു." യെഹൂദ്യയിലെ ജനങ്ങൾ ദൈവകരുണക്കായി അപേക്ഷിച്ചു. നമുക്ക് ദൈവകൃപയു്. കരുണക്കപ്പുറമായ ഒന്നാണ് കൃപ. ഒരാൾ ന

ൃായമായ പിഴ കൊടുക്കേിവരുമ്പോൾ അയാൾക്ക് ലഭിക്കേ കരുണ തടഞ്ഞു വെച്ച് കഷ്ടത ലഭ്യമാക്കും. നാം പിഴ കൊടുക്കാതെ, നമുക്ക് വേി പിഴ കൊടുക്കുന്നതാണ് കൃപ. തീർച്ചയായും, നമ്മുടെ പാപങ്ങൾ യേശുവിനെ കൂടാതെ നമുക്ക് വഹിക്കുവാൻ കഴിയാത്തതാണ്.

അവനിലായിരിക്കണം നമ്മുടെ ആശ്രയം. പാപത്തിന്റെ നിത്യമായ അനന്തരഫലങ്ങളിൽനിന്ന് അവനു മാത്രമെ നമ്മെ രക്ഷിക്കുവാൻ കഴിയു. കുറ്റാരോപണ ഭാരം നാം തുടർന്നു വഹിക്കാതിരിക്കേതിന്ന് അവന്നു മാത്രമെ നമ്മുടെ പാപങ്ങളുടെ കുറ്റം നിമിത്തമുള്ള ഭാരം നമ്മിൽനിന്നു നീക്കുവാൻ കഴിയുകയുള്ളു.വളരെ ഇഷ്ട-പ്പെടുന്ന ഒരു ഗീതം പറയുന്നു,

എന്താണെൻ പാപം കഴുകാൻ?
യേശുവിൻ രക്തം മാത്രം;
എന്തെന്നെ വീും ശുദ്ധമാക്കും?
യേശുവിൻ രക്തമല്ലാതെ മറ്റൊന്നല്ല.[2]

ശുദ്ധീകരണത്തിനായി ദൈവം നമ്മെ യേശുവിന്റെ അടുക്കലേക്കാണ് ക്ഷണിക്കുന്നത് കാരണം അവനാണ് നമ്മുടെ പാപങ്ങളെ വഹിച്ചത്. അവനിൽ വിശ്വസിപ്പാനും, ആശ്രയിപ്പാനും, നമ്മുടെ ജീവിതം അവന്നു സമർപ്പിപ്പാനുമാണ് അവൻ ആഗ്രഹിക്കുന്നത് (യോഹന്നാൻ 5:24). അതിനു ശേഷം നാം മാനസാന്തരപ്പെടുവാൻ തയ്യാറാകണം (പ്രവൃത്തികൾ 3:19) നമ്മുടെ ജീവിതം മാറ്റി നാം ലോകത്തോട് യേശുവിലുള്ള വിശ്വാസം ഏറ്റു പറയണം (പ്രവൃത്തികൾ 8:37; റോമർ 10:9, 10). അതിനർത്ഥം നാം അവന്റെ മരണത്തിലും, അടക്കത്തിലും, ഉയർപ്പിലും പങ്കാളികളാകുവാൻ പാപമോചനത്തിനായുള്ള മുങ്ങൽ സ്നാനം ഏല്ക്കുവാൻ നാം ഒരുങ്ങണം എന്നാണ് (റോമർ 6:3, 4). അതുകൊാണ് പൗലൊസിന് കൊരിന്ത്യലേഖനത്തിൽ ഇപ്രകാരം പറയുവാൻ കഴിഞ്ഞത്, "നിങ്ങളെ വിലക്കു വാങ്ങിയിരിക്കയാൽ, നിങ്ങളുടെ ശരീരം കൊ് ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊരിന്ത്യർ 6:20).

ദൈവം നിങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നതൊക്കെ ചെയ്യുവാൻ നിങ്ങൾ ഒരുക്കമാണോ? ലോകത്തെ വിട്ട്, ദൈവത്തിന്റെ വഴി നിങ്ങളിലുാകേതിന്ന് ഒരുങ്ങുക. ഒരു കൈകൊ് ലോകത്തെ പണിയുവാനും മറുകയ്യിൽ ദൈവത്തെ പിടിച്ചുകൊള്ളുവാനും ശ്രമിക്കുന്നത് വൃഥാവാണ്. നിങ്ങൾ ഒന്നിനെ മറ്റൊന്നിനായി വില്ക്കണം.

തീയതിനെ വിട്ടുകൊ് നല്ലതിനെ പിടിച്ചുകൊൾക (റോമർ 12:9).

---

കുറിപ്പുകൾ

[1]ആർ. കെ. ഹാരിസൺ, *ജെരെമ്യാ ആന്റ് ലെമന്റേഷൻസ്,* ദ ടിൻഡെയിൽ ഓൾടെസ്റ്റമെന്റ് കമെന്ററീസ്, ജെന എഡി. ഡി. ജെ. വൈസ്മാൻ (ഡൗണേഴ്സ് ഗ്രോവ്, കകക.: ഈന്റർ വാഴ്സിറ്റി പ്രസ്, 1975), 212. [2]"നത്തിങ്ങ് ബട്ട് ദ ബ്ലഡ്" *സോങ്ങ്സ് ഓഫ് ദ ചർച്ച്,* എഡി., ആൾട്ടൻ. എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ ലാ.: ഹോവാർഡ് പബ്ലിഷേഴ്സ്, 1977).